## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 751** **17-09-2025 - ൽ മറുപടിയ്ക്ക്**

## വൈദ്യുതാഘാതം മൂലമുള്ള മരണങ്ങൾ തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മഴക്കാലത്ത് പൊട്ടിവീണ വൈദ്യുത കമ്പികളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണമടയുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2025-ൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ നേരിടേണ്ടി വന്നിട്ടില്ലാത്ത തരത്തിലുള്ള അതി ശക്തമായ കാറ്റും കനത്ത മഴയും കാരണം മിക്ക ഇടങ്ങളിലും ദൂരെ നിന്നിരുന്ന വലിയ മരങ്ങളും തെങ്ങുകൾ പോലും വൈദ്യുതി ലൈനുകൾക്കു മേൽ പതിച്ച് വൈദ്യുതി പ്രതിഷ്ഠാപനങ്ങൾക്കു വളരെയധികം കേടുപാടുകൾ വരുത്തുക യുണ്ടായി. അതിന്റെ ഫലമായാണ് പലയിടങ്ങളിലും വൈദ്യുത കമ്പികൾ പൊട്ടി വീഴുന്ന അവസ്ഥയുണ്ടായത്. കെ.എസ്.ഇ.ബി-യുടെ നിയന്ത്രണങ്ങ ൾക്കതീതമായ കാരണങ്ങളാലാണ് അപകടങ്ങൾ വർദ്ധിച്ചത്. |
| (ബി) | വൈദ്യുത കമ്പികളുടെ സുരക്ഷിതത്വം വിലയിരുത്താൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വിശദമാക്കാമോ; | (ബി) | വിതരണ സംവിധാനത്തിന്റെ പരിപാലന ത്തിനായി കെഎസ്ഇബിഎല്ലി-ന് വ്യക്ത മായി നിർവചിക്കപ്പെട്ട മാനുവൽ ഉണ്ട്. ഇത് പ്രധാനമായും ജീവനക്കാരുടെയും ഉപകരണങ്ങളുടെയും സുരക്ഷ ഉറപ്പാക്കുന്ന തിനാണ്, കൂടാതെ സുരക്ഷാ ഓഡിറ്റിന്റെ ഭാഗവുമാണ്.<br><br>ഇത് പ്രധാനമായും HT/LT ലൈനുകൾ, ഇൻസുലേറ്ററുകൾ, ഫിറ്റിംഗുകൾ എന്നിവ യുടെ പരിശോധന, ലൈനുകളുടെ ക്ലിയറൻസ് അളക്കൽ, പോൾ ടു പോൾ പരിശോധന, സ്റ്റേകൾ, AB സ്വിച്ച്, ഫ്യൂസ് യൂണിറ്റുകൾ, എർത്തിംഗ് സിസ്റ്റം, ട്രാൻസ്ഫോർമർ എന്നിവയുടെ പരിശോ ധന മുതലായവയ്ക്കാണ്.<br><br>ഉപകരണങ്ങളുടെയും ലൈനുകളുടെയും ആനുകാലിക പരിശോ ധനയും സുരക്ഷാ ഓഡിറ്റും ഫീൽഡ് തലത്തിൽ കർശനമായി പാലിക്കുന്നു. |

അകത്തും പുറത്തുമുള്ള നിരവധി ഏജൻസികളുടെ സുരക്ഷാ പരിശോ ധനകൾ നടക്കുന്നുണ്ട്. ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാരും, ചീഫ് സേഫ്റ്റി ഓഫീസർമാരും സേഫ്റ്റി ഓഫീസർമാരും വൈദ്യുത ലൈനുകളിലും പ്രതിഷ്ഠാപന-ങ്ങളിലും നിരന്തരമായ പരിശോധനകൾ നടത്തുന്നുണ്ട്. ലൈനുകളുടെയും പ്രതിഷ്ഠാ പനങ്ങളിലൂടെയും നിർമ്മാണം പൂർത്തിയാകുന്ന മുറക്ക് ഇലെക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സുരക്ഷാ പരിശോധന നടക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി കളുടെ പൂർത്തീകരണത്തിന് ശേഷം തേർഡ് പാർട്ടി ഇൻസ്പെക്ഷനുകൾ നിർബന്ധമാണ്.

വൈദ്യുതികമ്പി പൊട്ടി വീഴുമ്പോൾ സ്വമേധയാ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിനായി 11 കെവി ലൈനുകളിൽ റിലേ സംവിധാനം ഉപയോഗിച്ചും, ലോ ടെൻഷൻ വിതരണ-ലൈനുകളിൽ ഫ്യൂസ് യൂണിറ്റുകൾ ഉപയോഗിച്ചുമാണ് നിലവിൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. എൽ ടി ലൈനുകളിൽ സ്പേസറുകൾ സ്ഥാപിക്കുന്നതു വഴി ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധി വരെ ഒഴിവാക്കാവുന്നതാണ്. ലൈനുകൾ പൊട്ടി വീണ് ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എല്ലാ എൽ ടി ലൈനുകളിലും സ്പേസറുകൾ സ്ഥാപിക്കുന്ന കർമ്മ പദ്ധതി കെ.എസ്.ഇ.ബി.എൽ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. 2021 - 22 മുതൽ 2024-25 വരെ 222 ലക്ഷം സ്പേസറുകൾ സ്ഥാപിച്ചിട്ടുണ്ട്.

മൺസൂൺ മുന്നൊരുക്കങ്ങളുടെ ഭാഗമായി 11 കെവി ലൈനുകൾ, എൽ.റ്റി ലൈനുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ എന്നിവ പരിശോധിക്കുകയും ആവശ്യമായ അറ്റ കുറ്റപണികൾ അപകടം ഒഴിവാക്കാൻ സാധാരണയായി ചെയ്തു വരുകയും ചെയ്യുന്നു. മൺസൂൺ കാലത്തു മരച്ചില്ലകൾ ഒടിഞ്ഞു വീണു വൈദ്യുതകമ്പികൾ പൊട്ടിവീഴുന്നതു ഒഴിവാക്കാനായി, പ്രീ മൺസൂൺ പ്രവർത്തനങ്ങളുടെ ഭാഗമായി മഴക്കാലത്തിനു മുന്നേ മരച്ചില്ലകൾ വെട്ടി മാറ്റി അപകട സാധ്യതകൾ പരമാവധി ഒഴിവാക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

മഴക്കാലത്തെ ശക്തമായ കാറ്റ്, മരങ്ങളുടെ ചില്ലകൾ ഒടിയുന്നതിനും മരങ്ങൾ ഒന്നാകെ മറിഞ്ഞു വീഴുന്നതിനും കാരണമാകുകയും അതുവഴി കെ.എസ്.ഇ.ബി.എൽ-ന്റെ പോസ്റ്റുകൾക്കും ലൈനു കൾക്കും തകരാറുകൾ സംഭവിക്കുകയും ചെയ്യുന്നു. കഴിഞ്ഞ ജൂലൈ മാസത്തിൽ കാലവർഷം ശക്തമായപ്പോൾ

| | | | |
|---|---|---|---|
| | | | വൈദ്യുതി വിതരണ പ്രതിഷ്ഠാപനങ്ങളിൽ നിന്നുള്ള വൈദ്യുതി അപകടങ്ങൾ വർദ്ധിച്ചു വന്ന സാഹചര്യത്തിൽ വൈദ്യുതി വിതരണപ്രതിഷ്ഠാപനങ്ങളുടെ (വിതരണ ലൈനു കളും ട്രാൻസ്ഫോർമറുകളും) അവസ്ഥ നേരിട്ട് നിർണ്ണയിക്കുന്നതിനുള്ള ഒരു സ്പെഷ്യൽ ഡ്രൈവ് ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ നടത്താൻ തീരുമാനിക്കുകയും അത് നടപ്പിലാക്കി വരുകയും ചെയ്യുന്നു. |
| (സി) | ലൈനുകൾ പൊട്ടിവീണാലും ഷോക്ക് ഏൽക്കാതിരിക്കാനുള്ള ഇൻസുലേറ്റഡ് കേബിൾ ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. കേരള സംസ്ഥാനത്തും വൈദ്യുതി കമ്പികൾ കവചിതമാക്കാനുള്ള പ്രവർ ത്തികൾ പുരോഗമിക്കുന്നു.<br><br>വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചു കൊണ്ടും വിതരണ ശൃംഖല ആധുനികവത്കരിക്കാനും കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജകേരള മിഷനിൽ' ഉൾപ്പെടുത്തി ''ദ്യുതി'' എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. ഭൂഗർഭകേബിളുകൾ സ്ഥാപിക്കുന്നതുവഴിയും എ.ബി.സി. കണ്ടക്ടർ ഉപയോഗിക്കുന്നതു വഴിയും സ്പേസറുകൾ, ലൈൻ മൗണ്ടഡ്ഗാർഡി ങ്ങുകൾ എന്നിവ സ്ഥാപിക്കുന്നതുവഴിയും കവേർഡ്കണ്ടക്ടറുകൾ ഉപയോഗിക്കുന്നതു വഴിയും വൈദ്യുതി കമ്പി പൊട്ടി വീണ് ഉണ്ടാകുന്ന അപകടങ്ങൾ ഒരു പരിധി വരെ ഒഴിവാക്കാവുന്നതാണ്. പുതുതായി നിർമ്മിക്കുന്ന എല്ലാ എൽടി ലൈനുകളും നിലവിലുള്ള എൽടി ലൈനുകളുടെ റീ കണ്ടക്ടറിങ് പ്രവൃത്തകളും എബിസി കണ്ടക്ടർ, കവേർഡ് കണ്ടക്ടറുകൾ എന്നിവ മാത്രം ഉപയോഗിച്ചു ചെയ്താൽ മതിയെന്ന ഒരു നയപരമായ തീരുമാനം കെ.എസ്.ഇ.ബി.എൽ എടുത്തിട്ടുണ്ട്. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാ ലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. കഴിഞ്ഞ 9 വർഷങ്ങൾക്കുള്ളിൽ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ ഉപയോഗിച്ച് 1423 കിലോമീറ്റർ എച്ച് റ്റി ലൈനും, കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് 48 കിലോമീറ്റർ എച്ച് റ്റി ലൈനും, അണ്ടർ ഗ്രൗണ്ട് കേബിൾ ഉപയോഗിച്ച് 686 കിലോമീറ്റർ എച്ച് റ്റി ലൈനും, ഏരിയൽ ബഞ്ച്ഡ് കേബിളുകൾ ഉപയോഗിച്ച് 3167 കിലോമീറ്റർ എൽ റ്റി ലൈനും, കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് 23 കിലോമീറ്റർ എൽ റ്റി ലൈനും |

| | | | |
|---|---|---|---|
| | | | പുതുതായി നിർമ്മിച്ചു. 473 കിലോമീറ്റർ എച്ച് റ്റി ലൈനുകൾ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ ഉപയോഗിച്ചും, 310 കിലോമീറ്റർ എച്ച് റ്റി ലൈനുകളും, 3030 കിലോമീറ്റർ എൽ റ്റി ലൈനുകളും കവേർഡ് കണ്ടക്റ്റർ ഉപയോഗിച്ചും മാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ